DESPATCHED
On 22/06/2020
16.3.20

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1377(7)/2013**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 9282/എസ്.ഐ.സി-ജി 6/13

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീമതി ലക്ഷ്മിക്കുട്ടി മോഹനൻ,<br>സൂര്യാലയം, വാർഡ്–1, കുട്ടഞ്ചാൽ,<br>തൈക്കാട്ടുശ്ശേരി പി.ഒ., ചേർത്തല, ആലപ്പുഴ. | അപ്പീൽ ഹർജിക്കാരി |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,<br>പള്ളിപ്പുറം വില്ലേജ്,<br>പള്ളിപ്പുറം പി.ഒ., ചേർത്തല,<br>ആലപ്പുഴ.<br><br>2. അപ്പീൽ അധികാരി&<br>അഡീഷണൽ തഹസിൽദാർ,<br>താലൂക്ക് ഓഫീസ്, ചേർത്തല. | എതിർകക്ഷികൾ |

## ഉത്തരവ്

2013ൽ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ സമർപ്പിച്ച അപ്പീൽ ഹർജിയാണിത്. ടി അപ്പീൽ ഹർജിയിൽ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ടെന്നാണ്.

എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ ഹർജിക്കാരിയുടെ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 26.11.2019ൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിലൂടെ നടത്തിയ ഹിയറിംഗിൽ ഹാജരാകുവാൻ

ഹർജിക്കാരിയ്ക്കു നോട്ടീസ് നൽകിയിരുന്നെങ്കിലും ടിയാൾ ഹാജരാകുകയോ അഭിപ്രായം രേഖപ്പെടുത്തുവാൻ തയ്യാറാവുകയോ ചെയ്തിരുന്നില്ല. ഒന്നാം എതിർകക്ഷി ഹർജിക്കാരന് മറുപടി നൽകിയതായി അറിയിക്കുകയും വീടിനു മുകളിൽ അപകടകരമായി നിന്നിരുന്ന വൃക്ഷത്തിന്റെ ശിഖരങ്ങൾ മുറിച്ചു മാറ്റുന്നതുമായി ബന്ധപ്പെട്ടാണ് ടിയാൾ പരാതി സമർപ്പിച്ചിരുന്നതെന്നും അതിപ്പോൾ വെട്ടിമാറ്റിയതു പ്രകാരം ഹർജിക്കാരിയുടെ പരാതി പരിഹരിച്ചിട്ടുണ്ടെന്നും ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ആയതുപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2020 മാർച്ച് 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/